പേരും രണ്ടേക്കറിൽ കൂടുതൽ ഉള്ളവർ 11919 പേരും ഉണ്ട്. ഈ രണ്ടേക്കറിൽ കൂടുതൽ കൈവശമാണ് ഏറ്റവും കൂടുതൽ ഉള്ളത്. 42560 ഏക്കർ വരും. അതിന്റെയടിസ്ഥാനത്തിൽ ഒരു പരിശോധന നടത്തുകയും ഗവൺമെന്റ് കഴിയുന്നതും വേഗം തുക ഇപ്പോൾ നിശ്ചയിക്കപ്പെടുന്നതിൽ നിന്നും കുറച്ചു കൃഷിക്കാർക്ക് ആശ്വാസം നൽകുന്ന ഒരു തീരുമാനം എടുത്തു നടപ്പാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഈയാഴ്ച തന്നെ അതിന് ആവശ്യമായ നടപടികൾ പൂർത്തിയാക്കി നടപടികൾ ആരംഭിക്കും. ആറു മാസങ്ങൾക്കുള്ളിൽ ഈ പട്ടയം കൊടുത്തു തീർക്കണം എന്ന നിലയിൽ ആവശ്യമായ മുഴുവൻ സ്റ്റാഫിനേയും അവിടെ പോസ്റ്റു ചെയത് അതിന്റെ ജോലികൾ ആരംഭിച്ചിട്ടുണ്ട്. പിന്നെ, ആവശ്യമില്ലാത്ത ഏറെ പ്രചരണങ്ങൾ അവിടെ നടക്കുന്നുണ്ട്. ഈ ഭൂമി കൈമാറ്റം പാടില്ല, പണയം വയ്ക്കാൻ പാടില്ല, അതുപോലെ തന്നെ കച്ചവട സ്ഥാപനങ്ങൾക്കും ആരാധനാലയങ്ങൾക്കും പട്ടയം ലഭിക്കില്ല എന്നൊക്കെ. അതൊക്കെ ഈ പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിനു വേണ്ടി ഈ ഗവൺമേന്റ് എടുത്ത നടപടികളെ പൊളിക്കുന്നതിനു വേണ്ടി ബോധപൂർവ്വം ചെയ്ത ശ്രമങ്ങളാണ്. അവിടെ 1-1-1977 നു മുമ്പ് കൈവശമുണ്ടായിരുന്ന എല്ലാ ആരാധനാലയങ്ങൾക്കും പട്ടയം കൊടുക്കും. എല്ലാ സ്ഥാപനങ്ങൾക്കും പട്ടയം കൊടുക്കും. എല്ലാവിധ സൗകര്യങ്ങളോടു കൂടി പട്ടയം നൽകുന്നതിന് ആവശ്യമായ നിയമഭേദഗതികളും ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഇതൊക്കെ മുമ്പ് ഉണ്ടാക്കിയിട്ടുള്ള ചില കുരുക്കുകളായിരുന്നു. ആരാണെന്നൊന്നും ഞാൻ പറയുന്നില്ല. ഇതൊന്നും കൊടുക്കാൻ പാടില്ല എന്ന ചില നിബന്ധകൾ ഇതിനു മുമ്പും ചിലർ തയ്യാറാക്കി വച്ചിരുന്നു. അവർ ആർക്കെതിരായിട്ടാണ് ഇത് ചെയ്തതെന്ന് എനിക്കറിയില്ല. ഏതായാലും ആ കുരുക്കുകളൊക്കെ ഞാൻ അഴിച്ചു. ഇപ്പോൾ കൃഷിക്കാർക്കൊന്നും യാതൊരു പ്രശ്നവുമില്ല. എല്ലാ പ്രശ്നങ്ങളും കഴിയുന്നതും വേഗം പരിഹരിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റു എടുത്തിട്ടുണ്ട്.

(6) മീനച്ചിലാറിന് കുറുകെയുള്ള പാലാ വലിയ പാലത്തിന്റെ വീതി കൂട്ടൽ

ശ്രീ .കെ .എം. മാണി : മീനച്ചിൽ നദിക്കു കുറുകെ പാലാ നഗരത്തിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന വലിയ പാലം നിർമ്മിച്ചിട്ട് 50 വർഷത്തിലേറെയായി. ഈ അടുത്ത കാലത്ത് വാഹനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിരിക്കുന്നത് മൂലം ഗതാഗതത്തിന് ഇപ്പോൾ അത് ഗുണകരമല്ല. ആ പാലം വീതി കൂട്ടി ഇരട്ടിപ്പിക്കുന്നതിനു വേണ്ടി 1996-97-ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ കൊള്ളിക്കുകയുണ്ടായി. ഈ പാലത്തെ സംബന്ധിച്ചിടത്തോളം ഏതു നിലയിൽ വേണമെങ്കിലും ഇരട്ടിപ്പിക്കാം. ഒന്നുകിൽ ഇപ്പോഴത്തെ വീതി ഇരട്ടിയാക്കാം. അതല്ലെങ്കിൽ അതിനടുത്ത് വേറൊരു പാലം കൂടി പണിതുകൊണ്ടു പാലാ പാലം ഇരട്ടിപ്പിക്കാം. ഞാൻ 25-3-1997ൽ ഇതേ വിഷയത്തിന് ഈ നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ചതാണ്. അതിന്റെ പണി ഇതുവരെ തുടങ്ങാത്തതു കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നാട്ടുകാരും യാത്രക്കാരും വളരെയധികം ബുദ്ധിമുട്ടുന്നു. അതുകൊണ്ടു എനിക്കു ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഒരു അഭ്യർത്ഥനയുള്ളത്, ഇതിന്റെ പണി എത്രയും വേഗം ഒന്ന് നടത്തണം. നാട്ടുകാരുടെയും യാത്രക്കാരുടെയും ബുദ്ധിമുട്ട് ഒഴിവാക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. അതുകൊണ്ട് ഗവൺമെന്റ് ഇത് പരിഗണിക്കുമെന്ന് വിശ്വസിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്) : സർ, പുനലൂർ മൂവാറ്റുപുഴ റോഡിൽ 105 കിലോമീറ്ററിൽ സ്ഥിതി ചെയ്യുന്ന പാലാ പാലം വീതി കുറഞ്ഞ ഒന്നാണ്. ഗവൺമെന്റിൽ നിന്നും 16-3-1998-ൽ 1.58 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി. 25 മീറ്റർ നീളത്തിൽ രണ്ടു മിഡിൽ സ്പാനും 25 മീറ്റർ നീളത്തിൽ പുനലൂർ ഭാഗത്തേക്കും 21 മീറ്റർ നീളത്തിൽ പാലാ ഭാഗത്തേക്കും വരത്തക്കവിധം 2 ലാന്റ് സ്പാനും ഉൾക്കൊള്ളിച്ച് പുതിയ ഡിസൈനിലാണ് പ്രസ്തുത പാലം വീതി കൂട്ടി പണിയാൻ തീരുമാനിച്ചിട്ടുള്ളത്. ഈ പണിക്ക് 14-1-2000-ൽ 1.77 കോടി രൂപയ്ക്ക് സാങ്കേതിക അനുമതിയും കൊടുത്തു. ഈ പാലം പണിയ്ക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ അത്യാവശ്യം കണക്കിലെടുത്ത് പ്രസ്തുത പണിക്കായി പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുകയും, അഞ്ചു കരാറുകാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ഡബിൾ കവർ സിസ്റ്റം പ്രകാരം ലഭിക്കുകയും ചെയ്തു. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ തീർപ്പാക്കുന്ന മുറയ്ക്ക് പ്രസ്തുത പണി തുടങ്ങാൻ കഴിയും. ഏതായാലും ഈ ഗവൺമെന്റാണ് ഇതിന് നടപടി സ്വീകരിച്ചത് എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

(7) . മാവേലിക്കര-പെരുമ്പുഴ പാലത്തിന്റെ നിർമ്മാണം

ശ്രീ. എം. മുരളി : സർ, മദ്ധ്യ തിരുവിതാംകൂറിന്റെ വികസനത്തിൽ ഒരു നാഴികക്കല്ലാണ് മാവേലിക്കരയിലെ വലിയ പെരുമ്പുഴ പാലം. നാല് കോടി രൂപ എസ്റ്റിമേറ്റുള്ള പാലത്തിന്റെ നിർമ്മാണത്തിന് നബാർഡിന്റെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. പക്ഷെ പാലത്തിന്റെ പണി ഇന്നൊരു സ്തംഭനാവസ്ഥയിലേക്ക് നീങ്ങുകയാണ്. അതിന് കാരണം നബാർഡിന്റെ പണം കിട്ടണമെങ്കിൽ പാലത്തിന്റെ പണി പുരോഗിക്കുന്നതിനുസരിച്ച് സംസ്ഥാന ഖജനാവിൽ നിന്ന് പേമെന്റ് നടക്കണം. ഇപ്പോൾ ഒരു കോടി ഇരുപത്തഞ്ച് ലക്ഷം രൂപയുടെ ബില്ലുകൾ നമ്മുടെ പൊതുമാരമത്ത് വകുപ്പിൽ പെന്റിംഗായിട്ട് കിടക്കുകയാണ്. ഇത്രയും പണി പുരോഗമിച്ചു എങ്കിലും ഒന്നേകാൽ കോടി രൂപയുടെ ബിൽ പേമെന്റ് നടത്താത്തതിനാൽ പാലത്തിന്റെ പണി സ്തംഭനാവസ്ഥയിലേക്ക് പോകുന്നു. നബാർഡിന്റെ ധനസഹായം കിട്ടാൻ തീരുമാനമായി എങ്കിലും അത് ലഭിക്കാതെ പോകുന്ന സാഹചര്യം വരികയാണ്. അതുകൊണ്ട് ഈ ബില്ലുകൾ അടിയന്തിരമായി പേമെന്റ് നടത്താനും, പാലത്തിന്റെ പണി പൂർത്തികരിക്കുവാൻ വേണ്ടിയുള്ള മതിയായ തുക വരുന്ന വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുമുള്ള നടപടി അങ്ങ് സ്വീകരിക്കണം. അതോടൊപ്പം ഒരു കാര്യം കൂടി ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly